ഉത്തരം

(എ, ബി) തടക്കുഴ ശ്രീമഹാദേവ ധർമ്മശാസ്ത്രാക്ഷേത്രം ദേവസ്വം ബോർഡിന്റെ കൈവശത്തിലല്ല. ടി ക്ഷേത്രം ഏറ്റെടുക്കണമെന്ന അപേക്ഷയിന്മേൽ ട്രാവൻകൂർ-കൊച്ചി ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ടിലെ വ്യവസ്ഥയനുസരിച്ച്, അന്വേഷണത്തിനായി വൈക്കം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറെ നിയോഗിച്ചിട്ടുണ്ടെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) ക്ഷേത്ര ഭരണസമിതി അംഗങ്ങളുടെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സ്വകാര്യ ക്ഷേത്രങ്ങൾ ഏറ്റെടുക്കുന്ന കാര്യത്തിൽ പരമാവധി നിയന്ത്രണം പാലിക്കണമെന്നും അവ ഏറ്റെടുക്കേണ്ടതായി വരുന്ന അപൂർവ്വം സന്ദർഭങ്ങളിൽ നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചിരിക്കണമെന്നുള്ള ഉന്നതാധികാര സമിതിയുടെ ശുപാർശ അംഗീകരിച്ച് ബഹു. ഹൈക്കോടതി 10-4-1992-ൽ ഒ. പി. 3821/90-ൽ വിധിന്യായം പുറപ്പെടുവിച്ചിരുന്നു. അതനുസരിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഇ) ടി ക്ഷേത്രം ഏറ്റെടുക്കുകയാണെങ്കിൽ എല്ലാ ഉരുപ്പടികളും ഏറ്റെടുത്ത് ബോർഡ് സംരക്ഷിക്കുന്നതാണ്.

കാർഷികോൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നത് സംബന്ധിച്ച് ലോകവ്യാപാര സംഘടനയുടെ നിർദ്ദേശം

41 [5495] ശ്രീ. വി. ചെന്താമരാക്ഷൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, പി. ജയരാജൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രാസവളവും കീടനാശിനിയും ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നത് സംബന്ധിച്ച് ലോക വ്യാപാര സംഘടന എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

ലോകവ്യാപാരസംഘടനയുടെ നിബന്ധനകളിൽ പ്രധാനപ്പെട്ട ഒന്നാണ് ആരോഗ്യ സംരക്ഷണ നടപടികൾ. (സാനിറ്ററി ആന്റ് ഫൈറ്റോ സാനിറ്ററി നിബന്ധനകൾ) ഇറക്കുമതി ചെയ്യപ്പെടുന്നതും കയറ്റി അയയ്ക്കുന്നതും ആയ ഉൽപ്പന്നങ്ങളുടെ ഗുണമേന്മയ്ക്ക് പരിരക്ഷ നൽകുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഗുണമേന്മയുടെ കാര്യത്തിൽ ഉൽപ്പന്നങ്ങളിലെ കീടനാശിനികളുടെ അംശം, ബാക്ടീരിയ മലിനീകരണം, മൈക്കോടോക്സിൻ, മറ്റ് മാലിന്യങ്ങൾ എന്നിവ പരിശോധിക്കപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വികസിത രാജ്യങ്ങൾ, ഇക്കാര്യങ്ങളിൽ കർശനമായ നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ട്. വികസിത രാജ്യങ്ങൾ ഇപ്രകാരം ചെയ്യുന്നത് അവരുടെ ആരോഗ്യ സുരക്ഷിതത്വ ബോധംമൂലമാണ്. അതുപോലെ വികസ്വര രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതി നിയന്ത്രിക്കുക എന്നൊരു ഉദ്ദേശ്യവും അതിൽ അന്തർലീനമാണ്. കേരളത്തിൽനിന്നും കയറ്റി അയയ്ക്കുന്ന തേയില, ഏലം, കാപ്പി, കുരുമുളക്, കശുവണ്ടി മുതലായ ഉൽപ്പന്നങ്ങൾക്കും ഇത് ബാധകമാണ്. അതുകൊണ്ട് കാർഷികോൽപ്പന്നങ്ങളുടെ ഗുണമേന്മാ നിഷ്കർഷയുടെ കാര്യത്തിൽ കർഷകരെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാർഷികാവശ്യത്തിനുള്ള സാധനങ്ങളുടെ സൗജന്യ വിതരണത്തിനുള്ള മാനദണ്ഡം

42 [5496] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ കൃഷിഭവനുകൾ മുഖാന്തിരം സൗജന്യമായി എന്തൊക്കെ കാർഷികാവശ്യത്തിനുള്ള സാധനങ്ങളാണ് വിതരണം നടത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം വിതരണം ചെയ്യുന്ന സാധനങ്ങൾ നൽകുവാനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ഒരേ ആളിന് തന്നെ വീണ്ടും വീണ്ടും ലഭ്യമാക്കുന്നതിന്റെ കാരണം വിശദമാക്കുമോ;

(ഡി) സൗജന്യമായി വിത്തും വളവും നൽകുന്ന വകയിൽ നാളിതുവരെ എന്തു തുക ചെലവായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) കൃഷി ആഫീസുകൾ മുഖേന വിതരണം ചെയ്യപ്പെടുന്ന സാധനങ്ങളുടെ വിശദവിവരവും തീയതിയും പ്രദേശത്തെ കൃഷിക്കാർക്ക് അറിവു കിട്ടുന്ന തരത്തിൽ പ്രസിദ്ധപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) താഴെ പറയുന്ന സാധനങ്ങൾ വിതരണം നടത്തിയിട്ടുണ്ട്:

(1) വിത്ത് ഉൾപ്പെടെയുള്ള നടീൽ വസ്തുക്കൾ

(2) ജൈവവളങ്ങൾ, ജീവാണുവളങ്ങൾ

(3) ജൈവ കീടനാശിനികൾ

(4) തെങ്ങുകൃഷിക്കുള്ള രാസവള കിറ്റുകൾ

(5) സസ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള എതിർ പ്രാണികൾ

(6) നെൽകൃഷിക്ക് അമ്ലത്വം കുറയ്ക്കുന്നതിനുള്ള കുമ്മായം.

LIBRARY ARCHIVES Kerala Legislative Assembly